■ റിപ്പോര്‍ട്ട്

**കെ.എ**

# ജമാഅത്തെ ഇസ്‌ലാമി ഏരിയാ സമ്മേളനങ്ങള്‍



*ജമാഅത്തെ ഇസ്‌ലാമി കാഞ്ഞിരോട് ഏരിയാ സമ്മേളനത്തില്‍ വനിതാ വിഭാഗം സംസ്ഥാന സമിതിയംഗം റഹ്മാബി പ്രസംഗിക്കുന്നു*

**ഏപ്രില്‍**, മെയ് മാസങ്ങളില്‍ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാനത്തുടനീളം സംഘടിപ്പിച്ച ഏരിയാ സമ്മേളനങ്ങള്‍ പ്രമേയാവതരണത്തിന്റെ ആര്‍ജവം കൊണ്ടും നടത്തിപ്പിലെ ലാളിത്യം കൊണ്ടും പൊതുജന ശ്രദ്ധയാകര്‍ഷിച്ചു. ഭൗതിക ദര്‍ശനങ്ങള്‍ തകര്‍ന്നടിഞ്ഞ സമകാലിക സാഹചര്യത്തില്‍ ഇസ്‌ലാമിനെ സമഗ്ര ബദല്‍ ജീവിതവ്യവസ്ഥിതിയായി ഉയര്‍ത്തിക്കാട്ടുക, ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകള്‍ നീക്കി അതിന്റെ സന്ദേശവും പ്രവര്‍ത്തന പരിപാടികളും ജനങ്ങളിലെത്തിക്കുക എന്നീ രണ്ട് ലക്ഷ്യങ്ങളാണ് മുഖ്യമായും സമ്മേളനങ്ങള്‍ക്ക് ഉണ്ടായിരുന്നത്. ഓരോ വര്‍ഷവും ബഹുജന പങ്കാളിത്തമുള്ള പരിപാടികള്‍ നടത്താന്‍ ജമാഅത്തിന്റെ സംസ്ഥാന ഘടകം തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഇക്കൊല്ലത്തെ ഏരിയാ സമ്മേളനങ്ങള്‍.

ലക്ഷങ്ങള്‍ ചെലവഴിച്ച് സമുദായ സംഘടനകള്‍ നടത്തുന്ന സമ്മേളനങ്ങള്‍ സമുദായത്തിന് മൊത്തത്തില്‍ പേരുദോഷം വരുത്തിവെക്കുന്ന സാഹചര്യത്തില്‍, വര്‍ണാഭമായ പ്രചാരവേലകളുടെ അകമ്പടിയില്ലാതെ ലളിതമായും ചെലവ് കുറച്ചും ഏരിയാ സമ്മേളനങ്ങള്‍ നടത്താനാണ് സംസ്ഥാന ഘടകം തീരുമാനിച്ചത്. പന്തലുകള്‍ പോലുള്ള ചെലവ് കൂടിയ ഒരുക്കങ്ങള്‍ വേണ്ടെന്നുവെച്ചു. കഴിയുന്നത്ര ആളുകളെ നേരില്‍ ചെന്നു കണ്ട് സമ്മേളനത്തിലേക്ക് ക്ഷണിക്കുക, അവര്‍ക്ക് ഇസ്‌ലാമിനെയും പ്രസ്ഥാനത്തെയും പരിചയപ്പെടുത്തുക, ഈ വ്യക്തിബന്ധം സമ്മേളനം കഴിഞ്ഞും തുടരുക എന്നാണ് പ്രവര്‍ത്തകര്‍ക്ക് നല്‍കിയ നിര്‍ദേശം. സമ്മേളനം ബഹുജന സമ്പര്‍ക്കത്തിനുള്ള ഒരു ഉപാധി മാത്രം. സമ്മേളനം വിജയിപ്പിക്കുന്നതിന് വ്യാപകമായ സ്‌ക്വാഡ് പ്രവര്‍ത്തനങ്ങള്‍ നടന്നതായി വിവിധ ജില്ലകളില്‍നിന്നുള്ള റിപ്പോര്‍ട്ടുകള്‍ സൂചിപ്പിക്കുന്നു. രണ്ട് ലഘുലേഖകള്‍ വ്യാപകമായി വിതരണം ചെയ്തിരുന്നു- ഒന്ന്, പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്നതും മറ്റേത് ഇസ്‌ലാമിനെ ബദല്‍ വ്യവസ്ഥയായി അവതരിപ്പിക്കുന്നതും.

സമ്മേളനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ഏറെക്കുറെ പൂര്‍ണമായി ഏരിയാ ഘടകങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. ഏരിയയുടെ പ്രത്യേകതകള്‍ കണക്കിലെടുത്താണ് ഓരോ സമ്മേളനവും രൂപകല്‍പന ചെയ്യപ്പെട്ടത്. ചില സ്ഥലങ്ങളില്‍ സമ്മേളനത്തിന്റെ മുന്നോടിയായി വനിതാ സമ്മേളനങ്ങളും ടേബ്ള്‍ ടോക്കുകളും സ്നേഹസംവാദങ്ങളും സംഘടിപ്പിച്ചു. പുസ്തക സ്‌ക്വാഡുകളും പുസ്തക പ്രദര്‍ശനവും നടത്തിയ ഏരിയകളുമുണ്ട്. സേവന പ്രവര്‍ത്തനങ്ങളിലൂടെ സമ്മേളനത്തിന്റെ വരവറിയിച്ചു ചില ഏരിയകള്‍. നാട്ടിക ഏരിയാ സമ്മേളനത്തോടനുബന്ധിച്ച് ചെന്ത്രാപ്പിന്നി ഹല്‍ഖ ഒരു വീട് നിര്‍മിച്ചു നല്‍കി.

സംസ്ഥാനത്തെ 153 ഏരിയക




*കളമശ്ശേരി ഏരിയാ സമ്മേളനത്തില്‍ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീര്‍ പ്രഫ. കെ.എ സിദ്ദീഖ് ഹസന്‍*

ളിലും സമ്മേളനം നടക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ കിളിമാനൂർ ഏരിയാ സമ്മേളനത്തിൽ പാളയം ഇമാം പി.കെ ഹംസ മൗലവി ഫാറൂഖി മുഖ്യാതിഥിയായിരുന്നു. കേരളത്തിൽ ഏറ്റവുമധികം തെറ്റിദ്ധരിപ്പിക്കപ്പെടുന്നത് ഇസ്‌ലാമിക പ്രസ്ഥാനമാണെന്നും ഏറ്റവുമേറെ ശ്രദ്ധക്കപ്പെടേണ്ട പ്രസ്ഥാനം തെറ്റിദ്ധരിക്കപ്പെടുന്നത് ഖേദകരമാണെന്നും അദ്ദേഹം പറഞ്ഞു.

ഏപ്രിൽ 19ന് കരുനാഗപ്പള്ളിയിലാണ് കൊല്ലം ഏരിയാ സമ്മേളനങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടത്. ഉൾപ്രദേശങ്ങളിൽ വരെ വ്യാപകമായ ആശയ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു. ക്ഷുഭിതരായ ചില യാഥാസ്ഥിതിക വിഭാഗങ്ങൾ ചവറ-കൊട്ടുകാട് ഭാഗത്ത് പ്രവർത്തകർക്കെതിരെ അക്രമമഴിച്ചുവിട്ടു. എന്നാൽ, മഹല്ല് നിവാസികൾ തന്നെ അക്രമികൾക്കെതിരെ രംഗത്തുവരികയും സമ്മേളനം നടത്താൻ സൗകര്യമൊരുക്കിത്തരികയും ചെയ്തു. പത്തനാപുരം, റോഡുവിള, കടക്കൽ, കൊല്ലം, കുളത്തൂപ്പുഴ, അഞ്ചൽ ഏരിയാ സമ്മേളനങ്ങളും ബഹുജന സമ്പർക്ക പരിപാടികളാൽ ശ്രദ്ധേയമായി. കടക്കൽ ഏരിയ രൂപീകരിച്ചതിനു ശേഷം നടക്കുന്ന ആദ്യ സമ്മേളനമായിരുന്നു ഇത്.

ആലപ്പുഴയിൽ ആറ് ഏരിയകളിൽ സമ്മേളനം നടന്നു. പ്രവർത്തകർ കുറവായ ജില്ലയിൽ മൂവായിരത്തിലധികം പേർ സമ്മേളനങ്ങളിൽ പങ്കുകൊണ്ടു. ശ്രോതാക്കളിൽ പകുതിയോളം സ്ത്രീകളായിരുന്നു. ചേർത്തലയിൽ നടത്തിയ വനിതാ സമ്മേളനം ശ്രദ്ധിക്കപ്പെട്ടു. ശക്തമായ മഴ കാരണം കായംകുളം ഏരിയാ സമ്മേളനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട, കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം എന്നിവിടങ്ങളിലായിരുന്നു ഏരിയാ സമ്മേളനങ്ങൾ. പ്രവർത്തകർ കുറവാണെങ്കിലും സമ്മേളനത്തിൽ പ്രവർത്തകരല്ലാത്തവരും ധാരാളം പങ്കെടുത്തു. ഇടുക്കി ജില്ലയിലെ അടിമാലിയിൽ നടന്ന ഏരിയാ സമ്മേളനത്തിൽ ജമാഅത്തെ ഇസ്‌ലാമി മേഖലാ നാസിം ജമാൽ മങ്കട മുഖ്യ പ്രഭാഷണം നടത്തി. പത്തനംതിട്ടയിൽ വായ്പൂര്, ചുങ്കപ്പാറ, ആലപ്ര, പായിപ്പാട്, റാന്നി, പന്തളം എന്നിവിടങ്ങളിൽ സമ്മേളനങ്ങൾ നട

# ജമാഅത്തെ ഇസ്‌ലാമി വയനാട് ജില്ലാ കാമ്പയിൻ

വയനാട് ജില്ലയിൽ 2008 ഏപ്രിൽ 10 മുതൽ 30 വരെ നടന്ന പ്രസ്ഥാന കാമ്പയിൻ ശ്രദ്ധേയമായി. ജില്ലയിലെ പ്രസ്ഥാന വ്യാപനമായിരുന്നു കാമ്പയിന്റെ മുഖ്യ ലക്ഷ്യം. പ്രസ്ഥാന വൃത്തത്തിലേക്ക് പുതിയ ആളുകളെ കൊണ്ടുവരുന്നതിനും പുതിയ പ്രദേശങ്ങളിൽ പ്രസ്ഥാനത്തിന്റെ ശബ്ദമെത്തിക്കുന്നതിനുമാണ് ഊന്നൽ നൽകിയത്. നിലവിലുള്ള ഹൽഖകളിൽ മുത്തഫിഖുകളുടെ എണ്ണം വർധിപ്പിക്കുന്നതിന് കാമ്പയിൻ സഹായകമായി.

കാമ്പയിന് മുന്നോടിയായി തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്കായി നേതൃപരിശീലന പരിപാടി സംഘടിപ്പിച്ചു. നൂറോളം പ്രവർത്തകർ സംബന്ധിച്ച പരിപാടിക്ക് സംസ്ഥാന ശൂറാംഗങ്ങളായ അബ്ദുല്ല ഹസൻ, ടി.കെ ഫാറൂഖ്, ജില്ലാ പ്രസിഡന്റ് വി.പി ബശീർ എന്നിവർ നേതൃത്വം നൽകി. പ്രസ്ഥാനം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടാൻ പ്രവർത്തകരെ സജ്ജമാക്കുന്നതിന് ക്ലാസ്സുകളും ഗ്രൂപ്പ് ഡിസ്കഷനുമുൾപ്പെടെയുള്ള പരിശീലന പരിപാടികൾ ഉപകരിച്ചു. ഏപ്രിൽ 6-ന് പിണങ്ങോട് ഇസ്‌ലാമിയാ കോളേജിൽ ചേർന്ന വിപുലമായ ജില്ലാ പ്രവർത്തക കൺവെൻഷനിൽ ഹൽഖാ അമീർ ടി. ആരിഫലി കാമ്പയിൻ പരിപാടികൾക്ക് തുടക്കം കുറിച്ചു. സംസ്ഥാന സമിതിയംഗം പി.പി അബ്ദുർറഹ്മാൻ പ്രസംഗിച്ചു.

കാമ്പയിൻ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് ആറു ദിവസങ്ങളിലായി നടന്ന ജനസമ്പർക്ക സ്ക്വാഡുകളാണ്. പൊതുജനങ്ങൾക്ക് ഇസ്‌ലാമിക പ്രസ്ഥാനത്തെ പരിചയപ്പെടുത്താനും തെറ്റിദ്ധാരണകൾ നീക്കാനും ഈ ജനസമ്പർക്ക പരിപാടിയിലൂടെ സാധ്യമായി. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പ്രവർത്തകരുടെ സേവനം സ്ക്വാഡ് പ്രവർത്തനങ്ങൾക്ക് ആവേശം പകർന്നു. പ്രസ്ഥാനത്തിന്റെ സന്ദേശം വളരെ താൽപര്യപൂർവമാണ് ജനങ്ങൾ ചോദിച്ചറിഞ്ഞതെന്ന് സ്ക്വാഡംഗങ്ങൾ പറഞ്ഞു. പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്ന ലഘുലേഖകളും പുസ്തകങ്ങളും വ്യാപകമായി വിതരണം ചെയ്തിരുന്നു.

ഏരിയാതലത്തിൽ നടന്ന 'മുഖാമുഖം' ആണ് മറ്റൊരു ശ്രദ്ധേയമായ പരിപാടി. കൽപറ്റ, സുൽത്താൻ ബത്തേരി, പനമരം, മേപ്പാടി എന്നിവിടങ്ങളിൽ നടന്ന 'മുഖാമുഖം' പ്രസ്ഥാനത്തെ അടുത്തറിയുന്നതിന് സഹായകമായി. ശൈഖ് മുഹമ്മദ് കാരകുന്ന്, യൂസുഫ് ഉമരി, എം.കെ മുഹമ്മദലി, ഹമീദ് വാണിമേൽ, ടി.കെ ഫാറൂഖ്, ഖാലിദ് മൂസാ നദ്‌വി, ഫൈസൽ കൊച്ചി എന്നിവർ മുഖാമുഖങ്ങൾക്ക് നേതൃത്വം നൽകി.

ഗൃഹാങ്കണ യോഗങ്ങൾ, സ്റ്റഡി ക്ലാസ്സുകൾ, പൊതുയോഗങ്ങൾ, വനിതകളുടെ ഒത്തുചേരൽ എന്നീ പരിപാടികളും കാമ്പയിന്റെ ഭാഗമായി നടന്നു.



*മാടായി ഏരിയാ സമ്മേളനത്തിൽ സംസ്ഥാന അസി. അമീർ എം.ഐ. അബ്ദുൽ അസീസ്*



*പെരുമ്പിലാവ് ഏരിയാ സമ്മേളനത്തിൽ ഹമീദ് വാണിയമ്പലം*



*മോങ്ങം ഏരിയാ സമ്മേളനത്തിൽ*
*അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്*



*കിളിമാനൂർ ഏരിയാ സമ്മേളനത്തിൽ*
*പാളയം ഇമാം പി.കെ ഹംസ മൗലവി ഫാറൂഖി*



*കോട്ടയം ഏരിയാ സമ്മേളനത്തിൽ ജമാൽ മങ്കട*



*മുടിക്കൽ ഏരിയാ സമ്മേളനത്തിൽ*
*ജ.ഇ സംസ്ഥാന ശൂറാംഗം എച്ച്. ശഹീർ മൗലവി*

ന്നു. ആലപ്രം, പന്തളം, അടൂർ എന്നിവിടങ്ങളിൽ വനിതാ സമ്മേളനങ്ങളും സംഘടിപ്പിച്ചിരുന്നു.

എറണാകുളം ജില്ലയിൽ നടന്ന 19 ഏരിയാ സമ്മേളനങ്ങളിലും നല്ല ജനപങ്കാളിത്തമുണ്ടായി. വ്യക്തിബന്ധങ്ങളിലും ഗൃഹസന്ദർശനങ്ങളിലും കേന്ദ്രീകരിച്ചായിരുന്നു പ്രചാരണം. പുരുഷന്മാരേക്കാൾ സ്ത്രീ പങ്കാളിത്തം ഇരട്ടിയായിരുന്നു. തൃശൂരിലെ വാടാനപ്പള്ളി ഏരിയാ സമ്മേളനത്തിൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലിയാണ് മുഖ്യ പ്രഭാഷണം നടത്തിയത്. മുതലാളിത്തവും കമ്യൂണിസവും തകർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സമാധാനത്തിനും ജീവിത വിജയത്തിനും ഇസ്‌ലാമിനെ മനുഷ്യസമൂഹത്തിന് മുമ്പിൽ സമർപ്പിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ഉണർത്തി.

പാലക്കാട് ജില്ലയിൽ പറളി, ചെർപ്പുളശ്ശേരി, തോണിപ്പാടം, മണ്ണാർക്കാട്, തൃത്താല, വടക്കഞ്ചേരി, പാലക്കാട് ഈസ്റ്റ്/വെസ്റ്റ്, ആലത്തൂർ, ചിറ്റൂർ, അലനല്ലൂർ, പട്ടാമ്പി, കോങ്ങാട് ഏരിയകളിലാണ് സമ്മേളനങ്ങൾ നടന്നത്. സംസ്ഥാന, ജില്ലാ നേതാക്കൾ സംബന്ധിച്ചു. ജില്ലയിൽ മൊത്തം അരലക്ഷത്തിലധികം ലഘുലേഖകൾ വിതരണം ചെയ്തു. ഗൃഹാങ്കണ യോഗങ്ങൾ വ്യാപകമായി സംഘടിപ്പിക്കപ്പെട്ടു. മലപ്പുറം വെസ്റ്റിൽ ഇരുപത് സമ്മേളനങ്ങളിലായി പന്ത്രണ്ടായിരത്തോളം പേർ പങ്കെടുത്തു. മലപ്പുറം ഈസ്റ്റിൽ 18 സമ്മേളനങ്ങളിലായി പതിനേഴായിരം പേരുടെ പങ്കാളിത്തമുണ്ടായി. കോഴിക്കോട് 23 ഏരിയകളിലായി ഇരുപതിനായിരത്തിലധികം പേർ പങ്കെടുത്തതായാണ് റിപ്പോർട്ട്. കണ്ണൂരിൽ നടന്ന സമ്മേളനങ്ങളിൽ ആറായിരം പേർ സംബന്ധിച്ചു. കാസർകോട് ജില്ലയിലെ തൃക്കരിപ്പൂർ ഏരിയാ സമ്മേളനത്തിൽ ഖാലിദ് മൂസാ നദ്‌വി, അബ്ദുൽ ഹകീം നദ്‌വി എന്നിവർ വിഷയം അവതരിപ്പിച്ചു. ■